25.05.25 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 04-09-05

# ശിക്ഷണത്തോടൊപ്പം ക്ഷമയെയും ദയയെയും സ്വന്തമാക്കു ആശിർവാദങ്ങൾ നൽകൂ ആശിർവാദങ്ങൾ നേടൂ എങ്കിൽ താങ്കളുടെ വീട് ആശ്രമമായി മാറും

ഇന്ന് ബാപ്ദാദ സർവ്വ കുട്ടികളുടെയും മസ്തകത്തിൽ പവിത്രതയുടെ രേഖകൾ കാണുകയാണ്, എന്തെന്നാൽ ബ്രാഹ്മണ ജീവിതത്തിന്റെ അടിത്തറ തന്നെ പവിത്രതയാണ്. പവിത്രതയുടെ രേഖകൾ ഏതാണ് അറിയാമോ? പവിത്രത സർവർക്കും പ്രിയപ്പെട്ടതാണ്. പവിത്രത സുഖം, ശാന്തി, സ്നേഹം, ആനന്ദത്തിന്റെ ജനനിയാണ്. പവിത്രത മാനവരുടെ സത്യമായ അലങ്കാരമാണ്. പവിത്രത ഇല്ലെങ്കിൽ മാനവ ജീവിതത്തിന് മൂല്യമില്ല. ദേവതമാർ പവിത്രമാണ് എന്ന് കാണുന്നതുപോലെ അതിനാൽ തന്നെ മാനനീയരുമാണ്, പൂജനീയരുമാണ്. പവിത്രത ഇല്ലെങ്കിൽ മാനവ ജീവിതത്തെ ഇന്നത്തെ കാലത്ത് കണ്ടുകൊണ്ടിരിക്കുകയാണ്. ബാപ്ദാദ താങ്കൾ എല്ലാ കുട്ടികൾക്കും ബ്രാഹ്മണ ജന്മത്തിന്റെ വരദാനം ഇതാണ് നൽകിയത് പവിത്ര ഭവ, യോഗി ഭവ. ഏത് ആത്മാവിൽ പവിത്രതയുണ്ടോ അവരുടെ നടപ്പ്, പെരുമാറ്റം, മുഖം പ്രകാശിക്കുന്നു അതിനാൽ പവിത്രത തന്നെയാണ് ജീവിതത്തെ ശ്രേഷ്ഠമാക്കി മാറ്റുന്നത്. വാസ്തവത്തിൽ താങ്കൾ എല്ലാ കുട്ടികളുടെയും ആദി സ്വരൂപം തന്നെ പവിത്രതയാണ്. അനാദി സ്വരൂപവും പവിത്രതയാണ്. ഇങ്ങനെ പവിത്രആത്മാക്കളുടെ വിശേഷതകൾ അവരുടെ ജീവിതത്തിൽ സദാ പവിത്രതയുടെ വ്യക്തിത്വം കാണപ്പെടുന്നു. പവിത്രതയുടെ യാഥാർത്ഥ്യം, പവിത്രതയുടെ രാജകീയത മുഖത്തും പെരുമാറ്റത്തിലും കാണപ്പെടുന്നു. ഈ രേഖകൾ ജീവിതത്തിന്റെ അലങ്കാരമാണ്. യാഥാർത്ഥ്യമാണ് ഞാൻ അനാദി ആദി സ്വരൂപം ഈ സ്മൃതിയിലൂടെ സമർത്ഥമായി മാറുന്നു. രാജകീയതയാണ് സ്വയവും സ്വമാനത്തിൽ ഓരോരുത്തർക്കും ബഹുമാനം നൽകി പോകുന്നവർ. വ്യക്തിത്വമാണ് സദാ സന്തുഷ്ടതയും പ്രസന്നതയും. സ്വയവും സന്തുഷ്ടം മറ്റുള്ളവരെയും സന്തുഷ്ടമാക്കുന്നവർ. പവിത്രതയിലൂടെ പ്രാപ്തികളും വളരെയാണ്. ബാപ്ദാദ താങ്കൾ എല്ലാ കുട്ടികൾക്കും എന്തെന്ത് പ്രാപ്തികൾ ചെയ്യിച്ചിട്ടുണ്ട് അത് അറിയാമല്ലോ! എത്ര ഖജനാക്കളാൽ നിറച്ചിരിക്കുന്നു അഥവാ പ്രാപ്തികളെ സ്മൃതിയിൽ വെക്കുകയാണെങ്കിൽ നിറവുള്ളതായി മാറുന്നു. ഏറ്റവും ആദ്യത്തെ ഖജനാവ് നൽകി ജ്ഞാനത്തിന്റെ ഖജനാവ്. ഇതിലൂടെ ജീവിതത്തിൽ കഴിഞ്ഞുകൊണ്ട് ദു?ഖ, ശാന്തിയിൽ നിന്ന് മുക്തമായി മാറുന്നു. വ്യർഥ സങ്കല്പം, നെഗറ്റീവ് സങ്കല്പം, വികൽപം, വികർമ്മത്തിൽ നിന്ന് മുക്തമായി മാറുന്നു. അഥവാ ഏതെങ്കിലും വ്യർത്ഥ സങ്കല്പം അല്ലെങ്കിൽ വികൽപം വരുകയാണെങ്കിലും ജ്ഞാനത്തിന്റെ ബലത്തിലൂടെ വിജയിയായി മാറുന്നു. രണ്ടാമത്തെ ഖജനാവാണ് ഓർമ്മ, യോഗം. ഇതിലൂടെ ശക്തികളുടെ പ്രാപ്തി ഉണ്ടാകുന്നു. ശക്തികളുടെ ആധാരത്താൽ സർവ്വ സമസ്യകളെയും സർവ്വ വിഘ്നങ്ങളെയും സഹജമായി മറികടക്കുന്നു.

മൂന്നാമത്തെ ഖജനാവാണ് ധാരണകളുടേത്, ഇതിലൂടെ സർവ ഗുണങ്ങളുടെ പ്രാപ്തി ഉണ്ടാകുന്നു. നാലാമത്തെ ഖജനാവാണ് സേവനത്തിന്റേത്. സേവനം ചെയ്യുന്നതിലൂടെ ആരുടെ സേവനം ചെയ്യുന്നുവോ അവരുടെ ആശീർവാദങ്ങൾ ലഭിക്കുന്നു സന്തോഷം പ്രാപ്തമാകുന്നു.

ഇത്രയും ഖജനാക്കൾ ബാബയിലൂടെ എല്ലാ കുട്ടികൾക്കും പ്രാപ്തമാകുന്നു. ബാബ എല്ലാവർക്കും ഒരേപോലെ തന്നെ ഖജനാക്കൾ നൽകുന്നു. ചിലർക്ക് കുറവ് ചിലർക്ക് കൂടുതൽ നൽകുന്നില്ല. എന്നാൽ എടുക്കുന്നവരിൽ വ്യത്യാസം ഉണ്ടാകുന്നു. ചില കുട്ടികൾ ഖജനാക്കളെ പ്രാപ്തമാക്കി കഴിച്ചും കുടിച്ചും ആനന്ദം പിന്നെ ആനന്ദത്തിൽ അവസാനിപ്പിക്കുകയും ചെയ്യുന്നു. ചില കുട്ടികൾ കഴിച്ചും കുടിച്ചും ആനന്ദിച്ചും ശേഖരണവും ചെയ്യുന്നു. മറ്റ് ചില കുട്ടികൾ കാര്യങ്ങളിലും ഉപയോഗിച്ച് കൊണ്ട് എന്നാൽ വർദ്ധിപ്പിക്കുന്നു. വർദ്ധിപ്പിക്കുന്നതിനുള്ള താക്കോലാണ് ഖജനാക്കളെ സ്വയത്തെ പ്രതിയും മറ്റുള്ളവരെ പ്രതിയും ഉപയോഗിക്കുക. ആര് ഉപയോഗിക്കുന്നുവോ അവർ വർദ്ധിപ്പിക്കുന്നു. അപ്പോൾ അവരവരോട് ചോദിക്കൂ ഈ വിശേഷ ഖജനാക്കൾ സമ്പാദ്യം ഉണ്ടോ? സമ്പാദ്യം ഉണ്ടോ എന്ത് പറയും? ഉണ്ടെന്നോ അതോ കുറച്ചു കുറച്ച് എന്നോ? ആരുടെ അടുക്കൽ ഈ ഖജനാക്കൾ ശേഖരണമുണ്ടോ അവർ സദാ നിറഞ്ഞിരിക്കുന്നു. നോക്കൂ ഏതെങ്കിലും സാധനം നിറഞ്ഞിരിക്കുകയാണെങ്കിലുണ്ടല്ലോ ഇളക്കം ഉണ്ടാവുകയില്ല. അഥവാ നിറഞ്ഞിട്ടില്ല എങ്കിൽ ഇളക്കം ഉണ്ടാകുന്നു,ഇളകുന്നു. ഏതെങ്കിലും സാധനം അഥവാ പൂർണമായ രീതിയിൽ നിറയ്ക്കാതിരിക്കുകയാണെങ്കിൽ അപ്പോൾ അത് ഇളകുന്നു, എങ്കിൽ ഇവിടെയും അഥവാ സർവ്വ ഖജനാക്കളാൽ നിറഞ്ഞിട്ടില്ല എങ്കിൽ അപ്പോൾ ഇളക്കം ഉണ്ടാകുന്നു. സദാ ഈ ലഹരി ഉണ്ടാകണം ബാബയുടെ ഖജനാക്കൾ എന്റെ ജന്മസിദ്ധ അധികാരമാണ്. ബാബ നൽകി താങ്കൾ എടുത്തു എങ്കിൽ എല്ലാ ഖജനാക്കളും ആരുടേതായി? താങ്കളുടേതായില്ലേ. അപ്പോൾ ആരുടെ അടുക്കൽ ഖജനാക്കൾ ഉണ്ടോ അവർ എത്ര ലഹരിയിൽ ഇരിക്കും? ചെറിയൊരു രാജാവിന്റെ കുട്ടി രാജകുമാരൻ ആകുന്നത് എങ്കിൽ അറിയുകയേയില്ല അച്ഛന്റെ അടുക്കൽ എന്തെല്ലാം ഖജനാക്കൾ ഉണ്ട്, എന്നാൽ ലഹരി ഉണ്ടായിരിക്കും അച്ഛന്റെ ഖജനാക്കൾ എന്റെ ഖജനാക്കളാണ്, ഖജനാക്കളുടെ സന്തോഷത്തിൽ കഴിയുന്നു. അ

ഥവാ സന്തോഷം കുറഞ്ഞു പോകുന്നുവെങ്കിൽ അതിന്റെ കാരണം എന്താകുന്നു? ബാബ ഖജനാക്കൾ ന ൽകി, കേട്ടു. എന്നാൽ ഒന്നുണ്ട് കേൾക്കുന്നവർ, രണ്ടാമത് ഉൾക്കൊള്ളുന്നവർ, ആരാണോ ഉൾക്കൊള്ളു ന്നവർ അവർ ലഹരിയിൽ കഴിയുന്നു.

ഇന്ന് പുതിയ പുതിയ കുട്ടികളും വന്നിട്ടുണ്ട്. ബാപ്ദാദ താങ്കൾ ഭാഗ്യശാലി കുട്ടികൾക്ക് താങ്കൾ എല്ലാവ രുടെയും ഭാഗ്യത്തിന്റെ ആശംസകൾ നൽകുകയാണ്. തന്റെ ഭാഗ്യത്തെ തിരിച്ചറിഞ്ഞു! തിരിച്ചറിഞ്ഞുവോ? പരമാത്മ സ്നേഹം അവിനാശി സ്നേഹം ഒരു ജന്മം മാത്രമല്ല നടക്കുന്നത് അനേക ജന്മം സദാ സ്നേഹം നിലനിൽക്കുന്നു എന്തെന്നാൽ നടക്കുന്ന സമയം ഈ സമയവും സംഗമയുഗം ഭാഗ്യശാലി യുഗമാണ്. സത്യയുഗത്തെയും ഭാഗ്യശാലി എന്ന് പറയുന്നു എന്നാൽ വർത്തമാന സംഗമ യുഗത്തിന്റെ സമയം അ തിനേക്കാളും ഭാഗ്യശാലിയാണ്. എന്തുകൊണ്ട്? ഈ സംഗമയുഗത്തിൽ തന്നെയാണ് ബാബയിലൂടെ അ ഖണ്ഡ ഭാഗ്യത്തിന്റെ വരദാനം, സമ്പത്ത് പ്രാപ്തമാകുന്നത്. എങ്കിൽ ഇങ്ങനെയുള്ള സംഗമയുഗത്തിൽ , ഭാഗ്യശാലി സമയത്ത് താങ്കൾ എല്ലാവരും തന്റെ ഭാഗ്യം നേടുവാനായി എത്തിച്ചേർന്നിരിക്കുന്നു. ബാ പ്ദാദ കുട്ടികളെ വളരെ സഹജമായ ഒരു പുരുഷാർത്ഥത്തിന്റെ മാർഗ്ഗം കേൾപ്പിക്കുകയാണ് സഹജമായ ത് വേണമല്ലോ! പ്രയാസമുള്ളത് ആഗ്രഹിക്കുന്നില്ലല്ലോ! ഈ കുട്ടികൾക്ക് ഭാഗ്യത്തിന്റെ സഹജ വിധി ല ഭിച്ചിരിക്കുന്നു. ലഭിച്ചില്ലേ? ഏറ്റവും സഹജം, മറ്റൊന്നും ചെയ്യേണ്ട, ഒരു കാര്യം മാത്രം ചെയ്യുക, ഒരു കാ ര്യം ചെയ്യാൻ കഴിയുമല്ലോ! അതേ എന്നോ അല്ലെന്നോ പറയൂ. പറയൂ ഹാം ജി. ഏറ്റവും സഹജമായ വി ധിയാണ് അമൃത വേള മുതൽ എല്ലാവർക്കും ആരെയെല്ലാം കാണുന്നുവോ അവരിൽ നിന്ന് ആശിർവാദ ങ്ങൾ നേടൂ, ആശീർവാദങ്ങൾ നൽകൂ. ക്രോധി തന്നെ വന്നാലും പക്ഷേ താങ്കൾ അവർക്കും ആശീർവാ ദങ്ങൾ നൽകു. ആശിർവാദങ്ങൾ നേടൂ എന്തെന്നാൽ ആശിർവാദങ്ങൾ തീവ്രപുരുഷാർത്ഥത്തിന്റെ വ ളരെ സഹജ യന്ത്രമാണ്. സയൻസിൽ റോക്കറ്റ് പോലെ. അപ്പോൾ എത്ര പെട്ടെന്ന് കാര്യം നേടിയെടുക്കു ന്നു. ഇങ്ങനെ ആശിർവാദങ്ങൾ നൽകുന്നതും ആശിർവാദങ്ങൾ നേടുന്നതും ഒരു വളരെ എളുപ്പ മാർഗ മാണ് മുന്നേറുന്നതിന്. അമൃത വേളയിൽ ബാബയിൽ നിന്നും സഹജമായ ഓർമ്മയിലൂടെ ആശീർവാദങ്ങ ൾ നേടൂ, മുഴുവൻ ദിവസത്തിൽ ആശിർവാദങ്ങൾ നൽകു ആശീർവാദങ്ങൾ നേടൂ ഇത് ചെയ്യാൻ സാ ധിക്കുമോ? ചെയ്യാൻ സാധിക്കും എന്നുണ്ടെങ്കിൽ കൈ ഉയർത്തു. ആരെങ്കിലും ശാപം നൽകുകയാണെങ്കി ൽ അപ്പോൾ എന്തു ചെയ്യും? താങ്കളെ വീണ്ടും വീണ്ടും ശല്യപ്പെടുത്തുകയാണെങ്കിൽ? നോക്കൂ താങ്കൾ പരമാത്മാവിന്റെ കുട്ടികൾ ദാതാവിന്റെ കുട്ടികൾ ദാതാവല്ലേ! മാസ്റ്റർ ദാതാവാണല്ലോ. അപ്പോൾ ദാതാ വിന്റെ ജോലി എന്താണ്? നൽകുക. അപ്പോൾ ഏറ്റവും നല്ല മാർഗമാണ് ആശീർവാദങ്ങൾ നൽകുക. എ ങ്ങനെയുള്ള വ്യക്തി ആകട്ടെ എന്നാൽ താങ്കൾക്ക് സഹോദരി സഹോദരൻ. പരമാത്മാവിന്റെ കുട്ടിക ളാണെങ്കിൽ സഹോദരി സഹോദരന്മാരല്ലേ! അപ്പോൾ പരമാത്മാവിന്റെ കുട്ടിയാണ്. എന്റെ ഈശ്വരീയ സഹോദരനാണ് ഈശ്വരിയ സഹോദരിയാണ്. അവർക്ക് എന്ത് നൽകും! എന്താ ശാപം നൽകുമോ? ബാ ബ എപ്പോഴെങ്കിലും ശാപം നൽകുന്നുണ്ടോ! നൽകുമോ? നൽകുന്നുണ്ടോ? ഉണ്ടോ ഇല്ലയോ? പറയൂ. വ ളരെ സന്തോഷം ഉണ്ടായിരിക്കും. എന്തുകൊണ്ട്? അഥവാ ശാപം നൽകുന്നവർക്കും താങ്കൾ ആശീർവാ ദം നൽകുകയാണെങ്കിൽ അവർ നൽകിയാലും നൽകിയില്ലെങ്കിലും പക്ഷേ താങ്കൾ ആശീർവാദം നേടു ന്നു, അപ്പോൾ ദു?ഖം എന്തിനാണ്. ബാപ്ദാദ താങ്കൾ വന്നുചേർന്ന കുട്ടികൾക്ക് ഒരു വരദാനം നൽകുക യാണ് വരദാനം ഓർമ്മ വയ്ക്കുമെങ്കിൽ സദാ സന്തോഷമായിരിക്കും. വരദാനം പറയട്ടെ? കേൾക്കുമോ! വരദാനമാണ് അഥവാ താങ്കൾക്ക് ആരെങ്കിലും നൽകുകയാണെങ്കിലും താങ്കൾ ദു?ഖമെടുക്കരുത്, അവ ർ നൽകട്ടെ എന്നാൽ താങ്കൾ എടുക്കേണ്ട. എന്തെന്നാൽ നൽകുന്നവർ നൽകി എന്നാൽ എടുക്കുന്നവർ താങ്കളാണല്ലോ! നൽകുന്നയാൾ എടുക്കുന്നയാൾ അല്ല. അഥവാ അവർ മോശം സാധനമാണ് നൽകുന്ന ത് ദു?ഖം നൽകുന്നു അപ്പോൾ മോശം സാധനമല്ലേ. താങ്കൾക്ക് ദു?ഖം ഇഷ്ടമാണോ? ഇഷ്ടമല്ലല്ലോ! അപ്പോൾ മോശമായ സാധനം അല്ലേ! അപ്പോൾ മോശം സാധനം എടുക്കാറുണ്ടോ? ആരെങ്കിലും താങ്ക ൾക്ക് മോശം സാധനം നൽകുകയാണെങ്കിൽ താങ്കൾ എടുക്കുമോ? എടുക്കുമോ? എടുക്കില്ലയോ? അപ്പോൾ എടുക്കുന്നത് എന്തുകൊണ്ടാണ്? അഥവാ ദു?ഖം എടുക്കുകയാണെങ്കിൽ ആരാണ് ദു:ഖിയാകുന്നത്? താ ങ്കളാണോ ആകുന്നത് അതോ അവരാണോ ആകുന്നത്? എടുക്കുന്നവരാണ് കൂടുതൽ ദു:ഖി ആകുന്നത്. അഥവാ ഇപ്പോൾ മുതൽ ദു?ഖം എടുക്കുകയില്ല എങ്കിൽ പകുതി ദു?ഖം താങ്കളുടേത് ദൂരെയാകും, എടു ക്കുന്നതേ ഇല്ലല്ലോ! താങ്കൾ ദു?ഖത്തിനു പകരം അവർക്ക് സുഖം നൽകുന്നു എങ്കിൽ ആശിർവാദങ്ങൾ ലഭിക്കുമല്ലോ. അപ്പോൾ സുഖിയുമായിരിക്കും. ആശീർവാദങ്ങളുടെ ഖജനാവും നിറഞ്ഞു കൊണ്ടിരി ക്കും. ഓരോ ആത്മാവിൽ നിന്നും എങ്ങനെ ഉള്ളവരായാലും താങ്കൾ ആശീർവാദങ്ങൾ നേടു. ശുഭഭാവ ന, ശുഭ കാമന വെക്കൂ. ഇടയ്ക്കിടെ എന്ത് സംഭവിക്കുന്നു? ആരെങ്കിലും കാര്യം ചെയ്യുന്നുവെങ്കിൽ അപ്പോൾ പരിശ്രമിക്കുന്നു ശിക്ഷണം നൽകുന്നതിന്. ഇവരെ ശരിയാക്കും ശിക്ഷണം നൽകുന്നു. ശിക്ഷ ണം നൽകൂ എന്നാൽ ശിക്ഷണം നൽകുന്നതിന്റെ സർവോത്തമ വിധിയാണ് ക്ഷമയുടെ രൂപമായി ശിക്ഷ ണം നൽകു. കേവലം ശിക്ഷണം നൽകരുത്. ദയ, ക്ഷമയും ഉണ്ടാകു ശിക്ഷണവും നൽകു. രണ്ടു വാക്ക്

ഓർമ്മിക്കുക ശിക്ഷണവും കൂടെ ക്ഷമ, ദയ. അഥവാ ദയാമനസ്കരായി അവർക്ക് ശിക്ഷണം നൽകുകയാണെങ്കിൽ താങ്കളുടെ ശിക്ഷണം പ്രയോജനപ്പെടും. അഥവാ ദയാമനസ്കരായല്ല നൽകുന്നത് എങ്കിൽ അപ്പോൾ ശിക്ഷണം ഒരു കാതിലൂടെ കേട്ട് മറു കാതിലൂടെ പുറത്തു കളയും. ശിക്ഷണം ധാരണയാവുകയില്ല. ഇങ്ങനെയല്ലേ? അനുഭവമല്ലേ? താങ്കളും ആരുടെയെങ്കിലും ശിക്ഷകരാകുന്നില്ലല്ലോ? ശിക്ഷകരാകുക പെട്ടെന്ന് ഉണ്ടാകുന്നു പക്ഷേ ക്ഷമിക്കുക രണ്ടും ഒപ്പം വേണം. ഇപ്പോൾ മുതലേ ദയ. ദയ കാണിക്കുന്നതിനുള്ള വിധിയാണ് ശുഭഭാവന, കാമന. സത്യമായ സ്നേഹം കല്ലിനെ പോലും വെള്ളമാക്കുമെന്ന് പറയാറുള്ളത് പോലെ... ഇങ്ങനെ തന്നെ ക്ഷമാസ്വരൂപത്തിലൂടെ ശിക്ഷണം നൽകുന്നതിലൂടെ താങ്കളുടെ കാര്യം എന്താണ് ആഗ്രഹിക്കുന്നത് ഇത് ചെയ്യരുത്, ഇത് ഉണ്ടാകരുത് പ്രത്യക്ഷത്തിൽ കാണപ്പെടും. താങ്കളുടെ ദയാമനസ്കരായി ശിക്ഷണം നൽകുന്നതിന്റെ പ്രഭാവം അവരുടെ കഠോര ഹൃദയവും പരിവർത്തനപ്പെടുത്തും. അപ്പോൾ എന്താ വരദാനം ലഭിച്ചുവോ? ദു?ഖം നൽകരുത് ദു?ഖം എടുക്കരുത്. ഇഷ്ടപ്പെട്ടുവോ? ഇഷ്ടപ്പെട്ടുവെങ്കിൽ ഇനി എടുക്കരുത്. തെറ്റ് ചെയ്യരുത്. ബാബ ദു?ഖം നൽകുന്നില്ല എങ്കിൽ ഫോളോ ഫാദർ ചെയ്യണ്ടേ? ചെയ്തുകൊണ്ടിരിക്കുകയാണ്! ഇടയ്ക്കിടെ കുറച്ച് വഴക്ക് കൊടുക്കുന്നു. വഴക്ക് പറയരുത്. ദയ കാണിക്കൂ. ദയയോടൊപ്പം ശിക്ഷണം നൽകൂ. വീണ്ടും വീണ്ടും ഇടയ്ക്കിടെ വഴക്ക് പറയുന്നതിലൂടെ ഇനിയും ആത്മാവ് ആരാണോ അവർ ശത്രുവായി മാറുന്നു. വെറുപ്പ് വന്നു ചേരുന്നു. പരമാത്മാവിന്റെ കുട്ടികളല്ലേ! എങ്ങനെയാണ് അച്ഛൻ പതീതരെയും പാവനമാക്കുന്നയാൾ, താങ്കൾക്ക് ദു?ഖിയ്ക്ക് സുഖം നൽകുവാൻ സാധിക്കുകയില്ലേ? ഇപ്പോൾ പോയി ട്രയൽ ചെയ്യുക, ട്രയൽ ചെയ്യുമല്ലോ! അപ്പോൾ ആദ്യം ചാരിറ്റി ബിഗിൻസ് അറ്റ് ഹോം. കുടുംബത്തിൽ അഥവാ ആരെങ്കിലും ദു?ഖം നൽകുകയാണെങ്കിൽ അപ്പോഴും ദു?ഖം എടുക്കരുത്. ആശിർവാദങ്ങൾ നൽകുക ദയാമനസ്കരാകുക, ആദ്യം വീട്ടുകാരോട് ചെയ്യൂ. താങ്കളുടെ വീടിന്റെ സ്വഭാവം നാട്ടിലേക്ക് പതിയും, നാടിന്റെ പ്രഭാവം രാജ്യത്തിലേക്ക് പതിയും , രാജ്യത്തിന്റെ പ്രഭാവം ലോകത്തിൽ പതിയും. സഹജമല്ലേ! സ്വന്തം കുടുംബത്തിൽ ആരംഭിക്കൂ, എന്തുകൊണ്ട് എന്നാൽ നോക്കൂ ഒരാളെങ്കിലും അഥവാ ക്രോധിക്കുകയാണെങ്കിൽ വീടിന്റെ അന്തരീക്ഷം എന്തായി മാറുന്നു? വീട് യുദ്ധമൈതാനം പോലെ ആകുന്നില്ലേ? ആ സമയം നന്നായി തോന്നുമോ? തോന്നുകയില്ലല്ലോ!

താങ്കൾക്കും കൂടി വേണ്ടിയാണ് ( ഇന്ന് വിഐപികൾക്കൊപ്പം മധുബൻകാരായ സമർപ്പിത സഹോദരീ സഹോദരന്മാരും മുന്നിലിരിക്കുന്നു) അവരവരുടെ കൂട്ടുകാരിൽ നിന്നും, അവരവരുടെ കാര്യകർത്താക്കളിൽ നിന്നും, ദു?ഖമെടുക്കരുത് ദു?ഖം നൽകരുത്. ആശിർവാദങ്ങൾ നൽകുക ആശിർവാദങ്ങൾ നേടുക . അഥവാ താങ്കൾ അധികാരത്തോടെ ഇങ്ങനെയുള്ള സമയത്തും ഹൃദയം കൊണ്ട് എന്റെ ബാബ എന്ന് പറയുകയാണെങ്കിൽ, പരമാത്മ ബാബ, എന്റെ ബാബ അപ്പോൾ ചൊല്ലുണ്ട് ഭഗവാൻ സദാ പ്രത്യക്ഷനാണ്. അഥവാ താങ്കൾ ഹൃദയംകൊണ്ട് അധികാര രൂപത്തിൽ ഇങ്ങനെയുള്ള സമയത്ത് എന്റെ ബാബ എന്ന് പറഞ്ഞു, അപ്പോൾ ബാബ പ്രഭു പ്രത്യക്ഷമാകും. എന്തെന്നാൽ ബാബ ആർക്കുവേണ്ടിയാണ്? കുട്ടികൾക്ക് വേണ്ടി ആണല്ലോ. അധികാരി കുട്ടികൾക്ക് ബാബ സഹയോഗം നൽകാതിരിക്കുക ഇത് സംഭവിക്കുകയേയില്ല. അസംഭവ്യം. അപ്പോൾ പരിവർത്തനം ചെയ്തു കൊണ്ട് പോകുക. എങ്ങനെ വന്നുവോ അങ്ങനെ തന്നെ പോകാതിരിക്കുക. പരിവർത്തനം ചെയ്തുകൊണ്ട് പോവുക എന്തെന്നാൽ നോക്കൂ, ഇത്രയും ചെലവ് ചെയ്ത് വന്നതാണ്, ടിക്കറ്റ് എടുത്തു, ചെലവും ചെയ്തു, സമയവും നൽകി അപ്പോൾ അതിന്റെ മൂല്യം വയ്ക്കുമല്ലോ! അപ്പോൾ മൂല്യമുണ്ട് സ്വ പരിവർത്തനത്തിലൂടെ ആദ്യം വീടിന്റെ പരിവർത്തനം പിന്നെ വിശ്വത്തിന്റെ, ദേശത്തിന്റെ പരിവർത്തനം. താങ്കളുടെ വീട് ആശ്രമം ആയി മാറും. വീടല്ല ആശ്രമം. ശാസ്ത്രവും പറയുന്നു ഗൃഹസ്ഥാശ്രമം. എന്നാൽ ഇന്ന് ആശ്രമമില്ല. ആശ്രമം വേറെ വീട് വേറെയാണ്. അപ്പോൾ വീടിനെ ആശ്രമം ആക്കുക. ആശിർവാദങ്ങൾ നൽകുക, നേടുക ഇത് ആശ്രമത്തിന്റെ കാര്യമാണ്. താങ്കളുടെ വീട് ക്ഷേത്രമായി മാറും. ക്ഷേത്രത്തിൽ മൂർത്തി എന്താണ് ചെയ്യുന്നത്? ആശിർവാദങ്ങൾ നൽകുകയല്ലേ! മുന്നിൽ പോയി എന്താണ് പറയുക? ആശിർവാദം നൽകൂ. കരുണ കരുണ എന്ന് പറഞ്ഞ് നിലവിളിക്കുന്നു. അപ്പോൾ താങ്കൾക്കും എന്ത് നൽകണം? ആശിർവാദം. ഈശ്വരീയ സ്നേഹം നൽകൂ, ആത്മീയ സ്നേഹം. ശരീരത്തിന്റെ സ്നേഹം അല്ല ആത്മീയ സ്നേഹം. ഇന്ന് സ്നേഹമുണ്ട് എങ്കിൽ സ്വാർത്ഥതയുടെ സ്നേഹമാണ്. സത്യമായ ഹൃദയത്തിന്റെ സ്നേഹം അല്ല. സ്വാർഥരാകുമെങ്കിൽ സ്നേഹം നൽകും സ്വാർഥമാവുക ഇല്ലെങ്കിൽ ശ്രദ്ധിക്കുകയില്ല. അപ്പോൾ താങ്കൾ എന്തു ചെയ്യും? ആത്മീയ സ്നേഹം നൽകുക, ആശിർവാദം നൽകുക, ദു?ഖം എടുക്കാതിരിക്കുക, ദു?ഖം നൽകാതിരിക്കുക. നോക്കൂ താങ്കൾക്ക് അവസരം ലഭിച്ചിട്ടുണ്ട്, ബാപ്ദാദയ്ക്കും സന്തോഷമാണ്. ഇത്രയും ആരെല്ലാം വന്നിട്ടുണ്ടോ (ഭാരതത്തിന് സമീപം 250 വിഐപികൾ വന്നിരിക്കുന്നു ) ഇത്രയും വീട് ആശ്രമം ആകുമല്ലോ. ആക്കുകയില്ലേ? പക്കാ? അതോ കുറേശ്ശെ കുറേശ്ശെ കച്ചയാണോ? ആരാണോ കരുതുന്നത് എന്ത് തന്നെ സംഭവിച്ചാലും, കുറച്ച് സഹിക്കേണ്ടി വന്നാലും, ഉൾക്കൊള്ളാനുള്ള ശക്തി കാര്യത്തി

ൽ ഉപയോഗിക്കേണ്ടിവരും എന്നാൽ സഹനശക്തിയുടെ ഫലം വളരെ മധുരമാകുന്നു. സഹിക്കേണ്ടി വരുന്നു പക്ഷേ ഫലം വളരെ മധുരമുള്ളതാകുന്നു. അപ്പോൾ ആരാണോ പക്കാ പ്രതിജ്ഞ ചെയ്യുന്നത് വീട് വീടിനെ സ്വർഗം ആക്കും, ക്ഷേത്രമാകും ആശ്രമമാക്കും അവർ കൈ ഉയർത്തു. അങ്ങോട്ടുമിങ്ങോട്ടും നോക്കി ഉയർത്തേണ്ട എന്തെന്നാൽ ബാപ്ദാദ പിന്നെ കണക്ക് എടുക്കും. നോക്കി ഉയർത്തുക. സത്യം സത്യമായ മനസ്സിന്റെ കൈ, മനസ്സോടെ കൈ ഉയർത്തു. നല്ലത്. ദാദിമാരേ ഇവർക്ക് ഇതിന് എന്ത് സമ്മാനം നൽകും? അതേ പറയൂ. ദാദി ഇത്രയും ക്ഷേത്രം ഉണ്ടാക്കും എങ്കിൽ താങ്കൾ അവർക്ക് എന്ത് സമ്മാനം നൽകും? (തന്റെ വീട്ടുകാരെ കൊണ്ടുവരട്ടെ) ഇത് സമ്മാനമല്ല നൽകിയത് ഇത് ജോലി നൽകിയതാണ്. (ബാബ എന്ത് ആജ്ഞ നൽകുന്നുവോ) നോക്കൂ സമ്മാനം താങ്കൾക്ക് ലഭിക്കും വലിയ കാര്യമൊന്നുമല്ല പക്ഷേ... എന്താണ് പക്ഷേ? പക്ഷേ പറയുന്നു. താങ്കൾ പോകുന്നതിനു ശേഷം തന്റെ ധാരണയിലൂടെ പരിവർത്തനം ചെയ്യുക,15 ദിവസത്തിന് ശേഷം മാസത്തിനു ശേഷം തന്റെ റിസൾട്ട് എഴുതുക, ഒരുമാസം പോലും ദു?ഖം എടുക്കുകയില്ല നൽകുകയില്ല അതിന് വളരെ നല്ല സമ്മാനം ലഭിക്കും. അഥവാ താങ്കൾ വരുമെങ്കിൽ ആശംസകൾ. അഥവാ വരാൻ സാധിക്കുകയില്ലെങ്കിലും സെന്ററിലേക്ക് അയക്കുക ശരി.

നാനഭാഗത്തെയും ദേശ വിദേശത്തെ കുട്ടികളുടെ ഓർമ്മ ബാപ്ദാദയ്ക്ക് ലഭിച്ചിരിക്കുന്നു. ഫോണിലൂടെ ഓർമ്മ അയച്ചത് ആകട്ടെ, കത്തിലൂടെയാകട്ടെ, ഹൃദയത്തിൽ ഓർമ്മിച്ചതാകട്ടെ, അപ്പോൾ എല്ലാ കുട്ടികൾക്കും ഭാരതത്തിൽ ആകട്ടെ വിദേശത്തിന്റെ വിദേശത്ത് ആകട്ടെ, പകരമായി ആശീർവാദങ്ങളും സ്നേഹ സ്മരണയും കോടി മടങ്ങ് നൽകുകയാണ്.

നാനഭാഗത്തെയും പരമാത്മ സ്നേഹത്തിന്റെ അധികാരി കുട്ടികൾക്ക്, നാനാ ഭാഗത്തെയും സർവ്വ ഖജനാക്കളാൽ നിറഞ്ഞ, നിർവിഘ്ന, നിർവികൽപ, നി??ർവ്യർത്ഥ സങ്കൽപത്തിൽ കഴിയുന്നവരായ ശ്രേഷ്ഠ ആത്മാക്കൾക്ക്, ഒപ്പം ഒപ്പം സർവ്വ പരിവർത്തനം ചെയ്യുകയും ചെയ്യിപ്പിക്കുകയും ചെയുന്നതിലൂടെ ഉണർവുത്സാഹത്തിൽ പറക്കുന്നവരായ കുട്ടികൾക്ക് ഒപ്പം ബാപ്ദാദയുടെ സത്യമായ ഹൃദയത്തിന്റെ വാർത്ത നൽകുന്നവരായ സത്യമായ ഹൃദയമുള്ള കുട്ടികൾക്ക് വിശേഷിച്ച് ദിലാരാമന്റെ രൂപത്തിൽ, അച്ഛന്റെ രൂപത്തിൽ, അധ്യാപകന്റെ രൂപത്തിൽ, സത്ഗുരുവിന്റെ രൂപത്തിൽ കോടിമടങ്ങ് സ്നേഹ സ്മരണ നമസ്തേ.

## വരദാനം അലയുന്ന ആത്മാക്കൾക്ക് യഥാർത്ഥ ലക്ഷ്യം കാണിക്കുന്നവരായ ചൈതന്യ ലൈറ്റ് മൈറ്റ് ഹൗസ് ആയി ഭവിക്കട്ടെ.

ഏതൊരു അലഞ്ഞു കൊണ്ടിരിക്കുന്ന ആത്മാവിനും യഥാർത്ഥ ലക്ഷ്യം ആദ്യം കാണിക്കുന്നതിന് വേണ്ടി ചൈതന്യ ലൈറ്റ് മൈറ്റ് ഹൗസ് ആകൂ. ഇതിനുവേണ്ടി രണ്ട് കാര്യങ്ങൾ ശ്രദ്ധയിൽ വയ്ക്കണം ഒന്ന് ഓരോ ആത്മാവിന്റെയും ആഗ്രഹത്തെ തിരിച്ചറിയുക, യോഗ്യ ഡോക്ടർ എന്ന അവരെയാണ് പറയുക ആരാണോ നാഡി അറിയുന്നത്, ഇങ്ങനെ തിരിച്ചറിയുന്നതിനുള്ള ശക്തിയെ സദാ ഉപയോഗിക്കുക. രണ്ട് സദാ സ്വന്തം പക്കൽ സർവ്വ ഖജനാക്കളുടെയും അനുഭവം നിലനിർത്തുക. സദാ ഈ ലക്ഷ്യം വയ്ക്കുക കേൾപ്പിക്കുകയല്ല, എന്നാൽ സർവ്വ സംബന്ധങ്ങളുടെയും സർവ്വ ശക്തികളുടെയും അനുഭവം ചെയ്യിക്കുക.

## സ്ലോഗൻ: മറ്റുള്ളവരെ തിരുത്തുന്നതിന് പകരം ഒരു ബാബയുമായി ശരിയായ കണക്ഷൻ വെക്കൂ

**അവ്യക്ത സൂചനകൾ ആത്മീയ രാജകീയതയുടെയും പരിശുദ്ധിയുടെയും വ്യക്തിത്വം ധാരണ ചെയ്യൂ**
സ്വന്തം നിജ സ്വരൂപം അഥവാ വരദാനി സ്വരൂപം സദാസ്മൃതിയിൽ ഉണ്ടായിരിക്കട്ടെ എങ്കിൽ അപവിത്രതയുടെയും വിസ്മൃതിയുടെയും പേരടയാളം സമാപ്തമായി പോകും. വിസ്മൃതി അഥവാ അപവിത്രത എന്താകുന്നു, ഇനി ഇതിന്റെ അവിദ്യ ഉണ്ടാകണം, എന്തെന്നാൽ ഈ സംസ്കാരം അഥവാ സ്വരൂപം താങ്കളുടേതല്ല എന്നാൽ താങ്കളുടെ പൂർവ ജന്മത്തിന്റേതായിരുന്നു. ഇപ്പോൾ താങ്കൾ ബ്രാഹ്മണൻ ആണ്, ഈ ശൂദ്രരുടെ സംസ്കാരം അഥവാ സ്വരൂപം ഇങ്ങനെ തന്നിൽ നിന്നും വ്യത്യസ്തമായി അതായത് മറ്റുള്ളവരുടെ സംസ്കാരമായി അനുഭവമാകുക ഇതിനെയാണ് പറയുന്നത് വേറിട്ടതും പ്രിയപ്പെട്ടതും.